# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7214 — 11.07.2014 ൽ മറുപടിക്ക്

## സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

| | ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; | (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ 21 ജീവനക്കാരുണ്ട് . |
| (ബി) | ഓരോ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിൽ മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാർ പർച്ചേസ് വിഭാഗത്തിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന 2 ജീവനക്കാരുണ്ട്. |
| (സി) | നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും ഒരാൾക്ക് എത്ര വർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഭരണപരമായ കാര്യങ്ങളിൽ തടസ്സം വരാത്ത വിധത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു സെക്ഷനിൽത്തന്നെ തുടരുന്നതിനുള്ള അനുവാദം ആർക്കും നൽകിയിട്ടില്ല. ഒരു വർഷത്തിനകം ഡപ്യൂട്ടേഷൻ പൂർത്തിയായി വകുപ്പിലേക്ക് റിവർഷൻ ആകുന്നവർക്കും സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കും സ്ഥലം മാറ്റത്തിൽ ഇളവുകൾ അനുവാദിക്കാറുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിവുള്ള സെക്ഷനിൽ നിന്നും നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട് |

Beena

സെക്ഷൻ ഓഫീസർ